LIBRARY ARCHIVES Kerala Legislative Assembly

ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ അപേക്ഷിക്കുന്നതിന് പ്രായപരിധി

11 [11] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എസ്. എസ്. എൽ. സി. തോറ്റവർ മുതൽ താഴേക്കുള്ള ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാവുന്ന ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ പ്രായപരിധി 40 വയസ്സുവരെ ആക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനത്തിനായുള്ള പ്രായപരിധി ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

ഡോ. അംബേദ്ക്കറുടെ പ്രതിമ സ്ഥാപിക്കാൻ നടപടി

12 [12] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ മന്ദിരത്തിന് മുന്നിൽ ഭരണഘടനാ ശിൽപ്പിയായ ഡോ. അംബേദ്ക്കറുടെ പ്രതിമ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണഘടനാശിൽപ്പിയായ ഡോ. അംബേദ്ക്കറുടെ പ്രതിമ നിയമസഭാ മന്ദിരത്തിനുമുന്നിൽ സ്ഥാപിക്കാൻ സർക്കാർ സ്പീക്കറോട് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഡോ. ബി. ആർ. അംബേദ്ക്കറുടെ പ്രതിമ നിയമസഭാമന്ദിരത്തിന് മുൻപിൽ സ്ഥാപിക്കുന്നതിന് കരാർ ഇതിനകം നൽകിക്കഴിഞ്ഞു. ചെന്നൈ സ്വദേശിയായ കിഷോർ ജെ. നാഗപ്പ എന്ന ശിൽപ്പിയാണ് ഡോ. അംബേദ്ക്കറുടെ പ്രതിമ നിർമ്മിക്കുന്നത്. പത്തുലക്ഷം രൂപയാണ് നിർമ്മാണച്ചെലവ്. പൊതുഭരണം, പൊതുമരാമത്ത്, ധനകാര്യം എന്നീ വകുപ്പുസെക്രട്ടറിമാരും, നിയമസഭാ സെക്രട്ടറിയുമടങ്ങിയ സമിതിയാണ് ശിൽപ്പിയെ നിശ്ചയിച്ചത്.

എൻഡോസൾഫാൻ കീടനാശിനി

13 [13] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട്ടെ കശുമാവിൻ തോട്ടങ്ങളിൽ തളിക്കുന്ന എൻഡോസൾഫാൻ കീടനാശിനി പൂർണ്ണമായി നിരോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായും നിരോധനം ഏർപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ;

(സി) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ഭാഗങ്ങളിലാണ് എൻഡോസൾഫാൻ കീടനാശിനി പ്രയോഗംകൊണ്ട് രോഗം ബാധിക്കുകയും മരണപ്പെടുകയും ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) എത്രപേർ മരണപ്പെട്ടു എന്നും എത്രപേർക്ക് രോഗം ബാധിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രദേശം മുഖ്യമന്ത്രി സന്ദർശിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതുസംബന്ധമായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഇപ്പോൾ ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ള 908 ലിറ്റർ എൻഡോസൾഫാൻ 15 ദിവസത്തിനകം ശാസ്ത്രീയമായി നശിപ്പിക്കുവാൻ തീരുമാനിക്കുകയും ഇതുപിടിച്ചെടുത്ത് സുരക്ഷിതമായ മുറിയിൽ മുദ്രവച്ച് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മുഖ്യമന്ത്രി കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രിക്കും കേന്ദ്ര പെസ്റ്റിസൈഡ് ബോർഡ് ചെയർമാനും കത്തയക്കുന്നുണ്ട്.

(സി) എൻമകജെ, കാറഡുക്ക, മൂളിയർ, ബെള്ളൂർ, പെരിയ, അജാനോർ, കല്ലൂർ, പനത്തടി, കയ്യൂർ, ചീമേനി എന്നീ പഞ്ചായത്തുകളിലാണ് രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) എൻഡോസൾഫാൻ തളിച്ചതുമൂലം കാസർഗോഡ് ജില്ലയിൽ ആരും മരണപ്പെട്ടതായി സ്ഥരീകരിച്ചിട്ടില്ല. 605 പേർ എൻഡോസൾഫാൻ തളിച്ച പ്രദേശത്ത് വിവിധതരം രോഗങ്ങൾക്ക് അടിമപ്പെട്ടതായി ഹെൽത്ത് സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്.

(ഇ) 23-12-2004-ൽ മുഖ്യമന്ത്രി പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

(എഫ്) ആരോഗ്യവകുപ്പ് ഡയറക്ടറും അഡീഷണൽ ഡയറക്ടറും സ്റ്റേറ്റ് ലെപ്രസി ഓഫീസറുടേയും നേരിട്ടുള്ള മേൽനോട്ടത്തിൽ കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പ്രശ്ന ബാധിത സ്ഥലങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസർ 8 വിദഗ്ദ്ധ ചികിൽസാ ക്യാമ്പുകൾ 10-1-2005 മുതൽ 18-6-2005 വരെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെ ന്യൂറോളജിസ്റ്റ്, ഓങ്കോളജിസ്റ്റ്, ഫിസിയാട്രിസ്റ്റ്, ഡെർമറ്റോളജിസ്റ്റ്, ഗൈനക്കോളജിസ്റ്റ്, മെഡിക്കൽ ഓങ്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ആരോഗ്യ വകുപ്പിൽ നിന്നുള്ള സർജൻ, ഫിസിഷ്യൻ, പീഡിയാട്രീഷൻ, ഓഫ്താൽമോളജിസ്റ്റ്, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ ഡോക്ടർമാർ എന്നിവരുടെ സേവനംകൂടി ടി ക്യാമ്പുകളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് അതാത് ക്യാമ്പുകളിൽ വച്ചുതന്നെ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഐഡന്റിറ്റി കാർഡുകൾ നൽകുവാൻ ഉള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ള 908 ലിറ്റർ എൻഡോസൾഫാൻ പിടിച്ചെടുത്ത് മുദ്രവച്ചിട്ടുണ്ട്.

"പ്രോജക്ട് സ്വർഗ്ഗ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി രോഗബാധിത പ്രദേശങ്ങളിലെ പി. എച്ച്. സി. കൾ നവീകരിക്കുന്നതിനും താലൂക്കാശുപത്രിയിൽ ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിക്കാനുമുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

രോഗബാധിത മേഖലയിലെ മണ്ണ്, വെജിറ്റേഷൻ, പാലിന്റെ സാമ്പിൾ എന്നിവ ശേഖരിച്ച് പരിശോധിക്കുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

10-1-2005-ൽ പെർളയിൽ നടന്ന ക്യാമ്പിൽ 530 പേരെയും 20-1-2005-ലെ വാണി നഗറിൽ നടന്ന ക്യാമ്പിൽ 269 പേരെയും പരിശോധിച്ച് ആശ്വാസ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആദ്യത്തെ ക്യാമ്പിൽ 113 പേർക്കും വാണി നഗറിൽ 43 പേർക്കും ഡിസബിലിറ്റി സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ നടത്തിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടുകൂടിയായിരുന്നു.

മദനിയെ മോചിപ്പിക്കുന്നതിന് നടപടി

14 [14] ശ്രീ. യു. സി. രാമൻ:

,, പി. കെ. കെ. ബാവ:

,, സി. മോയിൻകുട്ടി:

,, പി. കെ. അബ്ദുറബ്ബ്:

,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡി. പി. നേതാവ് അബ്ദുൾനാസർ മദനിയുടെ ആരോഗ്യനില വളരെ മോശമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിന് വിദഗ്ദ്ധ ചികിൽസ ഉറപ്പുവരുത്തുന്നതിന് വല്ല നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അബ്ദുൾനാസർ മദനിയെ ജയിൽ മോചിതനാക്കുന്നതിന് വല്ല നടപടിയും സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(എഫ്) ഇല്ലെങ്കിൽ അദ്ദേഹത്തെ ജയിൽ മോചിതനാക്കാൻ ഗവൺമെന്റ് സത്വര നടപടി സ്വീരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly